DESPATCHED
On... 27/06/2020

27/2/20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001


Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920

Email:- sic.ker@nic.in


**ഹർജി നമ്പർAP.No.1133(5)/17/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 7544/SIC-G7/2017**

**സന്നിഹിത**

**ശ്രീമതിപി.ആർ. ശ്രീലത, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. രാധാകൃഷ്ണപിള്ള. ഡി,
**CI Police (Retd),**
കാർത്തിക, ഫയർ സ്റ്റേഷന് സമീപം,
വെസ്റ്റ് ഫോർട്ട് മാവേലിക്കര,
ആലപ്പുഴ – 690 101. } അപ്പീൽഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡി.വൈ.എസ്.പി (എൻ.ആർ.ഐ സെൽ),
പോലീസ് ഹെഡ് ക്വാർട്ടേഴ്സ്,
ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം – 695 010.

അപ്പീൽ അധികാരി &
പോലീസ് സൂപ്രണ്ട് (എൻ. ആർ.ഐ. സെൽ),
പോലീസ് ഹെഡ് ക്വാർട്ടേഴ്സ്,
ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം – 695 010. } എതിർകക്ഷികൾ

**ഉത്തരവ്**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 15.12.2016 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 13.01.2017 |
| ഒന്നാം അപ്പീൽ | 10.02.2017 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 13.03.2017 |
| രണ്ടാം അപ്പീൽ | 17.05.2017 |
| ഹിയറിംഗ് തീയതി, സ്ഥലം | 14.01.2020, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നില്ല |

1. അപ്പീൽഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, അപേക്ഷകന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതുമായി ബന്ധപ്പെട്ടും മിലിട്ടറി സർവ്വീസ് കണക്കിലെടുത്ത് ശമ്പളം പുനർ നിർണ്ണയം നടത്തുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി.

3. മേൽ പരാമർശ വിഷയവുമായി ബന്ധപ്പെട്ട് എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, അപ്പീൽഹർജിക്കാരന്റെ മിലിട്ടറി സർവ്വീസ് കണക്കിലെടുത്ത് ഹയർ ഗ്രേഡ് അനുവദിക്കുന്നതിനെ സംബന്ധിച്ച് സമർപ്പിച്ച നിവേദനം കൈകാര്യം ചെയ്യുന്നതിൽ ടി ഓഫീസിൽ വന്ന കാലതാമസം സംബന്ധിച്ചുള്ള ആക്ഷേപമാണ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിൽ ഉന്നയിച്ചിട്ടുള്ളത് എന്നും പ്രസ്തുത അപ്പീൽ അപേക്ഷയിൽ ഉന്നയിച്ചിട്ടുള്ള നടപടികളിലെ കാലതാമസം സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിക്കുവാനോ ആയതിൻമേൽ നടപടി സ്വീകരിക്കാനോ ഉത്തരവുകൾ നൽകാനോ വിവരാവകാശ നിയമപ്രകാരം എസ്.പി.ഐ.ഒയ്ക്കോ അപ്പീൽ അധികാരിയ്ക്കോ സാധിക്കുന്നതല്ല എന്നും വിവരാവകാശ അപേക്ഷയിൻമേലും ഒന്നാം അപ്പീൽ അപേക്ഷയിൻമേലും ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ട് എന്നുമാണ്.

**4.** അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ചതിൽ, മേപ്പടി അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് ഓഫീസിൽ നിന്ന് ലഭ്യമാക്കാവുന്ന വിവരം നൽകിയിട്ടുണ്ട് എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ, എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലെ വസ്തുതകളുടെ അടിസ്ഥാനത്തിൽ മേപ്പടി ഹർജിയിൻമേൽ മറ്റ് നടപടികൾ അവസാനിപ്പിച്ച് **ഇന്നേദിവസം 2020 ഫെബ്രുവരി മാസം 27 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

RIGHT TO INFORMAT